# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4098 — 12-12-2018 - ൽ മറുപടിയ്ക്ക്

## ലീഗൽ മെട്രോളജി വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>" ഇ.കെ. വിജയൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. എൽദോ എബ്രഹാം: | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികൾ പരിഹരിക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പ് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികൾ പരിഹരിക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പ് 'സുതാര്യം' എന്ന പേരിൽ മൊബൈൽ ആപ്ലിക്കേഷൻ, കോൾ സെന്റർ, ജി.പി.എസ് സംവിധാനം ഘടിപ്പിച്ച വാഹനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ വെബ് സൈറ്റിലൂടേയും (www.lmd.kerala.gov.in), ലീഗൽമെട്രോളജി കൺട്രോളറുടെ ഔദ്യോഗിക ഇ-മെയിൽ വിലാസത്തിലും (clm.lmd@kerala.gov.in) പരാതികൾ നൽകാവുന്നതാണ്. |
| (ബി) സുതാര്യം എന്ന പദ്ധതി പ്രകാരം പരാതികൾ സ്വീകരിക്കാൻ ലീഗൽ മെട്രോളജി വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;<br>(സി) അപ്രകാരം ലഭിച്ച പരാതികൾ പരിഹരിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികളുടെ വിശദവിവരങ്ങൾ അറിയിക്കുമോ; | (ബി) & (സി) ഉണ്ട്. സുതാര്യം എന്ന മൊബൈൽ ആപ്ലിക്കേഷനിൽ പൊതുജനങ്ങൾ രജിസ്റ്റർ ചെയ്യു പരാതികൾ നിയമ ലംഘനം നടത്തിയ വ്യാപാര സ്ഥാപനം സ്ഥിതിചെയ്യുന്ന പ്രദേശത്തെ ഇൻസ്പെക്ടർക്ക് മൊബൈൽ ആപ്ലിക്കേഷനിലൂടെ ലഭിക്കുന്നു. പരാതിക്കാരന് പരാതി രജിസ്റ്റർ ചെയ്തത് സംബന്ധിച്ച് സന്ദേശം ലഭിക്കുകയും ചെയ്യുന്നു. ഇൻസ്പെക്ടർ പരാതിയിന്മേൽ അന്വേഷണം നടത്തി ആയതിന്മേലുള്ള അഭിപ്രായം മൊബൈൽ ആപ്ലിക്കേഷനിലൂടെ തന്നെ രേഖപ്പെടുത്തുകയും, ആയത് പരാതിക്കാരന് സന്ദേശമായി ലഭിക്കുകയും ചെയ്യുന്നു. പരാതിക്കാരന് ഓരോ ഘട്ടത്തിലും പരാതി ട്രാക്ക് ചെയ്യുന്നതിനും സാധിക്കുന്നതാണ്. പരാതികൾ രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ തന്നെ ഉന്നത ഉദ്യോഗസ്ഥർക്കും ആയത് സംബന്ധിച്ച സന്ദേശം ലഭിക്കുന്നതിനാൽ പരാതികൾ സമയ ബന്ധിതമായി തീർപ്പാക്കി വരുന്നു. |

......2

| | | | |
|---|---|---|---|
| (ഡി) | ലീഗൽ മെട്രോളജി എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഒഴിവുള്ള എൻഫോഴ്സ്മെന്റ് തസ്തികകളിൽ നിയമനം നടത്തുന്നതിന് തയ്യാറാകുമോ; | (ഡി) | എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി 14 പുതിയ താലൂക്കുകളിൽ ഇൻസ്പെക്ടർ ഓഫീസുകൾ ആരംഭിക്കുകയും ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കുകയും ചെയ്തു. 14 പുതിയ വാഹനങ്ങൾ അനുവദിച്ചു. പരിശോധനകൾക്കാവശ്യമായ ആധുനിക ഉപകരണങ്ങൾ ഓഫീസുകളിൽ അനുവദിച്ചു. എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് ലീഗൽ മെട്രോളജിയുമായി ബന്ധപ്പെട്ട നവീന മേഖലകളിൽ പരിശീലനം നൽകി വരുന്നു. പി.എസ്.സി മുഖേന നിയമനം നടത്തുന്ന ഇൻസ്പെക്ടർ തസ്തികയുടെ 27 ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉദ്യോഗക്കയറ്റം മുഖേന നികത്തപ്പെടേണ്ട സീനിയർ ഇൻസ്പെക്ടർ/ അസിസ്റ്റന്റ് കൺട്രോളർ/ ഡെപ്യൂട്ടി കൺട്രോളർ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ഇ) | ജനങ്ങളിൽ ലീഗൽ മെട്രോളജി വകുപ്പിനെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും ജനസൗഹൃദമാക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ഇ) | ലീഗൽ മെട്രോളജി വകുപ്പിനെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി എഫ്.എം റേഡിയോ, പത്ര മാദ്ധ്യമങ്ങൾ എന്നിവ വഴി പരസ്യം നൽകി വരുന്നു. ജില്ലകൾ തോറും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കൂടാതെ പ്രധാനപ്പെട്ട മേഖലകളിൽ വകുപ്പിന്റെ സേവനങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നതിന് എൽ ഇ ഡി ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ